AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

# Press Release

PR . 39/2019 08.03.2019

## കാർഷിക വായ്പ- ജപ്തി നടപടികൾ നിർത്തിവെയ്ക്കും: കൃഷിവകുപ്പ് മന്ത്രി

കർഷകരുടെ കാർഷിക വായ്പയിൻമേലുള്ള ജപ്തി നടപടികൾ നിർത്തിവെയ്ക്കാൻ കൃഷിവകുപ്പ് മന്ത്രിവി.എസ്. സുനിൽകുമാർ ബാങ്കുകൾക്ക് നിർദ്ദേശം നൽകി. കർഷകരുടെ മേൽ സർഫാസി നിയമം അടിച്ചേൽപ്പിക്കരുതെന്നും സർഫാസി നിയമപ്രകാരം കാർഷിക വായ്പയിന്മേൽ ജപ്തി നടപടികൾ സ്വീകരിക്കരുതെന്നും കൃഷിമന്ത്രി ആവശ്യപ്പെട്ടു. തൊടുപുഴ അർബൻ ബാങ്ക് ആഡിറ്റോറിയത്തിൽ കൂടിയ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗിനു ശേഷം നടത്തിയ പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു കൃഷിമന്ത്രി.

കർഷകരുടെ കാർഷികേതര വായ്പകൾക്കുള്ള മൊറട്ടോറിയം 2019 ഡിസംബർ 31 വരെ നീട്ടിക്കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. സംസ്ഥാന കടാശ്വാസ കമ്മീഷന് തീർപ്പു കൽപ്പിക്കാവുന്ന വായ്പാപരിധി 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ 2018 ആഗസ്റ്റ് 31 വരെയുള്ള വായ്പകൾ കടാശ്വാസ കമ്മീഷൻ പരിഹരിക്കുന്നതാണ്. പ്രളയാനന്തരം കുരുമുളക് നശിച്ച കർഷകർക്കായി 1200 ഹെക്ടറിൽ കുരുമുളക് പുനരുദ്ധാരണ പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

കർഷകർക്ക് പലിശയടച്ച് വായ്പ പുതുക്കാനുള്ള പദ്ധതികൾ ബാങ്കുകൾ സ്വീകരിക്കാനും മന്ത്രി നിർദ്ദേശിച്ചു. കർഷകരെ ഫോണിലൂടെ ഭീഷണിപ്പെടുത്തി തിരിച്ചടവിന് പ്രേരിപ്പിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ ക്രിമിനൽ കേസ് എടുക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

മറയൂർ ശർക്കരയ്ക്ക് ഭൗമസൂചിക ലഭിച്ച കാര്യവും കൃഷിമന്ത്രി പത്രസമ്മേളനത്തിൽ വച്ച് പ്രഖ്യാപിച്ചു. ജോയ്സ് ജോർജ്ജ് എം.എൽ.എ., ബിജിമോൾ എം.എൽ.എ, പി.ജെ. ജോസഫ് എം.എൽ.എ, എസ്.എൽ.ബി.സി.യെ പ്രതിനിധീകരിച്ച് ഡി.ജി.എം കൃഷ്ണൻകുട്ടി, ലീഡ് ബാങ്ക് മാനേജർ രാജഗോപാലൻ, കൃഷി ഡയറക്ടർ ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്, പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ പണിക്കർ തുടങ്ങിയവർ യോഗത്തിൽ സന്നിഹിതരായിരുന്നു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
Website: www.fibkerala.gov.in Email:fibtvm@gmail.com
Telephone: 0471 2317314